ഇ-ഓഫീസ് സംവിധാനം

184 (4766) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇ-ഓഫീസ് സംവിധാനം പൂർണ്ണമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) എന്തെല്ലാം സേവനങ്ങളാണ് ഇതുവഴി ജനങ്ങൾക്ക് ലഭിക്കുന്നത് ; വ്യക്തമാക്കാമോ ;

(ഡി) ഇതിനായി ഐ.റ്റി. മിഷൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗവൺമെന്റ് സ്ഥാപനങ്ങളിലെ ഔദ്യോഗിക ഫയൽ നടപടികൾ ഇലക്ട്രോണിക് സംവിധാനത്തിലൂടെ വേഗത്തിലാക്കുക അതുവഴി വേഗത്തിൽ തീരുമാനം എടുക്കാൻ സഹായിക്കുക എന്നുള്ളതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

(സി) സർക്കാർ ഓഫീസുകളിലെ ഫയൽ നടപടികൾ കാര്യക്ഷമമാകുന്നതുവഴി പൊതുജനങ്ങൾക്ക് സേവനങ്ങൾ വേഗത്തിൽ ലഭ്യമാകും. ഇ-ഓഫീസ് സിറ്റിസൺ ഇന്റർഫേസ്വഴി ഇന്റർനെറ്റിലൂടെ ഫയൽ തൽസ്ഥിതി വിവരം അറിയുവാൻ സാധിക്കും.

(ഡി) ഈ പദ്ധതി നടപ്പാക്കുന്നതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഡിജിറ്റൽ സിഗ്നേച്ചർ, വെർച്ച്വൽ പ്രൈവറ്റ് നെറ്റ്വർക്ക് എന്നിവ അനുവദിച്ചു നൽകുന്നു. കൂടാതെ പദ്ധതിയുടെ നടത്തിപ്പിനായി ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപവത്കരിക്കുകയും എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി അതാതു വകുപ്പിൽ നിന്നുള്ള ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly